# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം. 1710.** **12/06/2019 -ൽ മറുപടിയ്ക്ക്**

## മൂന്നാർ സർക്കാർ കോളേജിന്റെ പുനരുദ്ധാരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | ഡോ.കെ.ടി.ജലീൽ<br>(ബഹു.ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) പ്രളയത്തിൽ തകർന്ന മൂന്നാർ സർക്കാർ കോളേജ് പുനരുദ്ധരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) പ്രളയത്തിൽ തകർന്ന മൂന്നാർ സർക്കാർ കോളേജിലെ വിദ്യാർത്ഥികളുടെ പഠനം മുടങ്ങാതിരിക്കുന്നതിനായി മൂന്നാർ എഞ്ചിനിയറിംഗ് കോളേജിലെ വർക്ക് ഷോപ്പ് കെട്ടിടത്തിൽ താൽക്കാലികമായി ക്ലാസുകൾ നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും പെൺകുട്ടികൾക്ക് താൽക്കാലികമായി ശൗചാലയം നിർമ്മിക്കുന്നതിനായി 20 ലക്ഷം രൂപ (4202-01-203-76-Annuity scheme) അനുവദിച്ചിട്ടുണ്ട്. 27/10/2018-ലെ ജി.ഒ.(ആർ.ടി) നം.1946/2018/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവനുസരിച്ച് മൂന്നാർ എഞ്ചിനിയറിംഗ് കോളേജ് കോമ്പൗണ്ടിൽ മൂന്നാർ സർക്കാർ കോളേജിലെ വിദ്യാർത്ഥികൾക്ക് പഠനത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി 5.5 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളും ഫർണീച്ചർ ഉൾപ്പെടെയുള്ള മറ്റ് ആവശ്യങ്ങൾക്കായി 3.57 കോടി രൂപയും അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. |

(ബി) പ്രവർത്തനം അവസാനിപ്പിച്ച മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണലിന്റെ കെട്ടിടം പ്രസ്തുത കോളേജിന്റെ പ്രവർത്തനത്തിന് ലഭ്യമാക്കുന്ന തിനുള്ള നടപടികൾ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണൽ ആക്ട് റിപ്പീൽ ചെയ്തുകൊണ്ടുള്ള ഓർഡിനൻസ് പുറപ്പെടുവിച്ച് MST യിൽ കൈകാര്യം ചെയ്തിരുന്ന കേസുകൾ അടങ്ങുന്ന ഫയലുകളും സുപ്രധാന രേഖകളും മറ്റ സ്ഥാവര ജംഗമ വസ്തുകളും ബന്ധപ്പെട്ട കോടതികളിലേക്കും വകുപ്പുകളിലേക്കും കൈമാറ്റം ചെയ്താൽ മാത്രമേ ഈ കെട്ടിടം മറ്റാവശ്യത്തിന് ഉപയോഗിക്കാൻ സാധിക്കൂ.

(സി) കോളേജിനായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചുവരുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

(സി) നിലവിൽ കോളേജിന് വേണ്ടി ഭൂമി കണ്ടെത്തിയിട്ടില്ലാത്തതിനാൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**